**"ഭരണഭാഷ- മാതൃഭാഷ"**

150 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - തിരുവനന്തപുരം വികസന അതോറിറ്റി - തലസ്ഥാന നഗര വികസന പദ്ധതിയിൽ ഉൾപ്പെട്ട മ്യൂസിയം - ബേക്കറി ജംഗ്ഷൻ - ഓവർ ബ്രിഡ്ജ് റോഡ് വികസനം - പനവിള ജംഗ്ഷനിലെ ശ്രീ. ജോൺ വർഗ്ഗീസിന്റെ ഉടമസ്ഥതയിലുള്ള സ്ഥലം അക്വയർ ചെയ്യത് - തുക "4217-01-800-99 CRDP (PV)" എന്ന ശീർഷകത്തിൽ അനുവദിച്ച് പുതുക്കിയ ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഐ.എ) വകുപ്പ്**

**സ.ഉ.(സാധാ) നം.1011/2021/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 18/05/2021

---

പരാമർശം:- 1 സ.ഉ.(സാധാ) നം. 521/2021/തസ്വഭവ തീയതി 22/02/2021.

2 നഗരകാര്യ ഡയറക്ടറുടെ 12/03/2021 ലെ DC2-3743/20 നമ്പർ കത്ത്.

3 തിരുവവന്തപുരം വികസന അതോറിറ്റി സെക്രട്ടറിയുടെ 31/03/2021ലെ എസ്റ്റ്1/1930/2003/ട്രിഡ നമ്പർ കത്ത്.

4 സ.ഉ.(സാധാ)നം.3704/2021/ധന തീയതി 26/04/2021

**ഉത്തരവ്**

തലസ്ഥന നഗര വികസന പദ്ധതിയിൽ ഉൾപ്പെട്ട മ്യൂസിയം - ബേക്കറി ജംഗ്ഷൻ - ഓവർ ബ്രിഡ്ജ് റോഡ് വികസനത്തിനായി പനവിള ജംഗ്ഷനിൽ ശ്രീ.ജോൺ വർഗ്ഗീസിന്റെ ഉടമസ്ഥതയിലുള്ള റീ സർവ്വെ നം. 23-ൽ ഉൾപ്പെടുന്ന 0.03 ആർ സ്ഥലം അക്വയർ ചെയ്യുന്നതിനായി "4217-01-800-99 CRDP (PV)" എന്ന ശീർഷകത്തിൽ 1,55,705/- രൂപ അനുവദിച്ച് പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. എന്നാൽ ടി ശീർഷകത്തിൽ തുക ലഭ്യമാകാത്തതിനാൽ ആയത് അടിയന്തിരമായി അനുവദിച്ച് നൽകണമെന്ന് നഗരകാര്യ ഡയറക്ടറും ട്രിഡ സെക്രട്ടറിയും യഥാക്രമം പരാമർശം (2) (3) പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയതു പ്രകാരം മ്യൂസിയം - ബേക്കറി ജംഗ്ഷൻ - ഓവർ ബ്രിഡ്ജ് റോഡ് വികസനത്തിനായി പനവിള ജംഗ്ഷനിൽ ശ്രീ. ജോൺ വർഗ്ഗീസിന്റെ ഉടമസ്ഥതയിൽ റീ സർവ്വെ നം. 23-ൽ ഉൾപ്പെടുന്ന 0.03 ആർ സ്ഥലം അക്വയർ ചെയ്യുന്നതിനായി "4217-01-800-99 CRDP (PV)" എന്ന ശീർഷകത്തിൽ നിന്നും നടപ്പ സാമ്പത്തിക വർഷം 1,55,705/- രൂപ (സ്ഥലം അക്വയർ- 1,15,705/- രൂപയും കോമ്പൗണ്ട് വാൾ- 40000/- രൂപയും) അനുവദിച്ച് പുതുക്കിയ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ജയശ്രീ എം**

**ഡെപ്യൂട്ടിസെക്രട്ടറി**

പകർപ്പ്

സെക്രട്ടറി, തിരുവനന്തപുരം വികസന അതോറിറ്റി

ഡയറക്ടർ, നഗരകാര്യ വകുപ്പ്, തിരുവനന്തപുരം

ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം

സബ്ട്രഷറി ഓഫീസർ, വെള്ളയമ്പലം, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം

അക്കൌണ്ടന്റ് ജനറൽ (ജി&എസ്.എസ്.എ / ഇ & ആർഎസ്എ), കേരളം,

തിരുവനന്തപുരം

ധനകാര്യ വകുപ്പ് (DEV-2/216/2017-FIN dated 28/01/2021)

കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ